## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *249** 18.06.2019-ൽ മറുപടിയ്ക്ക്

### വയനാട് ചുരം റോഡിന് സമാന്തരമായി തുരങ്കപാത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) അന്തർസംസ്ഥാന പാതയായ വയനാട് ചുരം റോഡിൽ മണ്ണിടിച്ചിൽമൂലം സ്ഥിരമായി ഗതാഗത തടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| (ബി) പ്രസ്തുത റോഡിന് സമാന്തരമായി തുരങ്കപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;<br><br>(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | ഉണ്ട്.<br>ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി റോഡാണ് വയനാട് ചുരം റോഡിന് ബദലായി വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രധാന പാത. ഈ റോഡിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക സാധ്യതാ പഠനത്തിൽ തുരങ്കപാതയാണ് ഉചിതമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആനക്കാംപൊയിൽ കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

തുരങ്കപാത നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവുമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12/02/2019 – ലെ G.O(Rt) No. 212/2019/PWD, 31/05/2019 -ലെ G.O(Rt)No.684/2019/PWD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനെ ഡി.പി.ആർ തയ്യാറാക്കാനും, പദ്ധതി നിർവ്വഹണത്തിനുമായുള്ള എസ്.പി.വി ആയി തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ